(ബി) ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും ക്രമാനുഗതമായ വർദ്ധനവാണ് കണ്ടുവരുന്നത്.

(സി) 'നാളികേര വികസനം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം തെങ്ങിൻ തോട്ടങ്ങളിൽ ജലസേചനം, ശാസ്ത്രീയ വള പ്രയോഗം എന്നീ ഘടകങ്ങളും, നാളികേര ബോർഡ് മുഖേന നടപ്പാക്കുന്ന 'ചെറുകിട തോട്ടങ്ങളിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സംയോജിത പരിപാടി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും നടപ്പാക്കി വരുന്നു.

കാർഷിക സെൻസസ്

131(1957)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂവിനിയോഗം കാർഷിക വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, ജലസേചനം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായി കാർഷിക സെൻസസ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ സെൻസസ് എപ്പോൾ പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ ചുമതല ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം 5 വർഷത്തിലൊരിക്കൽ നടത്തിവരുന്ന കാർഷിക സെൻസസിന്റെ 7-ാമതു സെൻസസ് 2001-ൽ നടത്തുന്നതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. (100% കേന്ദ്രസഹായപദ്ധതി)

(ബി) സെൻസസിന്റെ കാലാവധി കേന്ദ്രസർക്കാരാണ് നിശ്ചയിച്ചറിയിക്കുന്നത്.

(സി) സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിനെയാണ് സംസ്ഥാനത്തുള്ള ഈ സെൻസസ് നടത്തുവാനുള്ള ചുമതല ഏൽപ്പിച്ചിരിക്കുന്നത്.

പ്ലാന്റേഷൻ കോർപ്പറേഷന്റെ വിസിറ്റിംഗ് ഏജന്റ്

132 (1958)ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റുകൾ പരിശോധിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു വേണ്ടി വിസിറ്റിംഗ് ഏജന്റിനെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരെയാണ് നിയമിച്ചിട്ടുള്ളത്; അദ്ദേഹത്തിന്റെ യോഗ്യതകൾ എന്തെല്ലാമാണ്; ഇതിനു മുമ്പ് അദ്ദേഹം എവിടെയാണ് ജോലി ചെയ്തിരുന്നത്; ഇദ്ദേഹം ശിക്ഷാ നടപടിയ്ക്കു വിധേയനായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കോർപ്പറേഷൻ അദ്ദേഹത്തിനു നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിസിറ്റിംഗ് ഏജന്റിന്റെ നിയമനം എത്ര കാലത്തേയ്ക്കാണ് എന്നും അദ്ദേഹത്തെ ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ എന്തെല്ലാം എന്നും വെളിപ്പെടുത്തുമോ;

(ഇ) ഇതുവരെ പ്രസ്തുത വിസിറ്റിംഗ് ഏജന്റിന് റ്റി.എ.ഡി.എ. മറ്റാനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ ഏന്തു തുക വീതം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. എഡ്വിൻ. എസ്. അലക്സാണ്ടറെയാണ് വിസിറ്റിംഗ് ഏജന്റായി നിയമിച്ചിട്ടുള്ളത്. എം.എ. ബിരുദധാരിയായ ഇദ്ദേഹം 1966 മുതൽ 1985 വരെ തോമസ് ഗ്രൂപ് ഓഫ് എസ്റ്റേറ്റിന്റെ എക്സിക്യൂട്ടീവ്/മാനേജരായും. 1985 മുതൽ 1986 വരെ നാഞ്ചിൽ റബ്ബർ പ്രൊഡക്ട്സിന്റെ മാനേജിംഗ് ഡയറക്ടറായും 1986 മുതൽ 1993 വരെ പാലാളി എസ്റ്റേറ്റിന്റെ മാനേജരായും പ്രവർത്തിച്ചിട്ടുള്ളതു കൂടാതെ 1986 മുതൽ 1988 വരെ പ്രൈവറ്റ് പ്ലാന്റേഷൻ മേഖലയിൽ വിസിറ്റിംഗ് ഏജന്റായും 1988-91, 1993-95 എന്നീ കാലയളവുകളിൽ അരശു റബർ കോർപ്പറേഷന്റെ ടെക്നിക്കൽ കൺസൾട്ടന്റായും പ്രവർത്തനമനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം ശിക്ഷാ നടപടിക്ക് വിധേയനായിട്ടുണ്ടോ എന്ന കാര്യം അറിയില്ല.

(സി) എസ്റ്റേറ്റ് വിസിറ്റ് നടത്തുന്നതിന് ഹെക്ടറിന് 5 രൂപാ പ്രകാരം പ്രതിഫലം നൽകുന്നത് കൂടാതെ, യാത്രക്കൂലി, താമസം എന്നീ ഇനങ്ങളിൽ കോർപ്പറേഷൻ സൗകര്യം ചെയ്തു കൊടുത്തില്ലെങ്കിൽ അതിനുള്ള ചെലവും അനുവദിച്ച് കൊടുക്കുന്നതാണ്.

(ഡി) വിസിറ്റിംഗ് ഏജന്റിന്റെ നിയമനം രണ്ടു വർഷത്തേയ്ക്കാണ്. കോർപ്പറേഷന്റെ റബർ എസ്റ്റേറ്റുകളിലും, ഫാക്ടറികളിലും വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യമെങ്കിലും സന്ദർശിക്കുക, ഇങ്ങനെ സന്ദർശിച്ചശേഷം കോർപ്പറേഷന്റെ എല്ലാ യൂണിറ്റിലുമുള്ള പാകമായതും പാകമാകാത്തതുമായ റബർ തൈകളെ കുറിച്ചും കോർപ്പറേഷന്റെ ഫാക്ടറിയുടെ പ്രവർത്തനത്തെക്കുറിച്ചും റിപ്പോർട്ട് സമർപ്പിക്കുക എന്നിവയാണ് വിസിറ്റിംഗ് ഏജന്റിനെ ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ.

(ഇ) റ്റി.എ.ഡി.എ. എന്നീ ഇനങ്ങളിൽ 2968 രൂപയും ടൈപ്പിംഗ് ചാർജ്ജിനു നൽകിയ 53 രൂപയും ചേർത്ത് മൊത്തം 3021/- രൂപ നൽകിയിട്ടുണ്ട്.

വെറ്റിലപ്പാറ എസ്റ്റേറ്റിലെ ഫാം ടൂറിസം പദ്ധതി

133(1959)ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാന്റേഷൻ കോർപ്പറേഷന്റെ വെറ്റിലപ്പാറ എസ്റ്റേറ്റിലെ ഫാം ടൂറിസം പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly